പുതുവർഷ കുറിമാനം

# കാലപ്രവാഹമേ.. നിൽക്കൂ

**സുധീർ പണിക്കവീട്ടിൽ**

എല്ലാ തുടക്കങ്ങൾക്കും ഒരു അവസാനം ഉണ്ട്. ഈ വർഷം അവസാനിക്കാൻ പോകുന്നു. പോയ വർഷം പോലെ ഈ വർഷവും അടുത്ത വർഷം തീർന്നു പോകും. ഇങ്ങനെ പുതു വർഷങ്ങൾ വന്നും പോയും ഇരിക്കുന്നു. ഈ കാലപ്രവാഹിനിയുടെ തീരങ്ങളിൽ അലയുന്ന മനുഷ്യർ അവർ തന്നെ കണക്ക്കൂട്ടി നിശ്ചയിച്ചിട്ടുള്ള ദിവസങ്ങളെ വരവേൽക്കാൻ ഒരുങ്ങുന്നു. ആ ദിവസം ആഘോഷിക്കുന്നു. എന്നാൽ പ്രക്രുതിയും അപ്പോൾ അവരോട് ചേരുന്നുണ്ടെന്നുള്ളത് മറഞ്ഞിരിക്കുന്ന സത്യമാണ്. മുറ തെറ്റിക്കാതെ ഋതുക്കൾ ഓരോന്നും വന്ന് നമുക്ക് സന്തോഷം തരുന്നു. "ഒട്ടും ലജ്ജയില്ലാതെ മച്ചിന്റെ മേലിരുന്നു ഒളിഞ്ഞ്നോക്കിയ വ്രുശ്ചിക പൂനിലാവ് മാഞ്ഞു പോയി. മഞ്ഞലയിൽ മുങ്ങിത്തോർത്തി ധനുമാസചന്ദ്രിക വന്നു." ഈ പ്രപഞ്ചവും ചരാചരങ്ങളും എത്രയോ മനോഹരമായി ദൈവം സ്രുഷ്ടിച്ചിരിക്കുന്നു. എന്നാൽ ദൈവം അവന്റെ ഛായയിൽ സ്രുഷ്ടിച്ച മനുഷ്യരിൽ വളരെ ചുരുക്കം പേർ മാത്രമേ ആ മനോഹരിതയിൽ അലിയുന്നുള്ളു; അതിനെ അവകാശപ്പെടുത്തുന്നുള്ളു. സൗമ്യതയുള്ള വർ ഭാഗ്യവാന്മാർ, അവർ ഭൂമിയെ അവകാശമാക്കുമെന്ന് ബൈബിൾ പറയുന്നുണ്ട്.

മനുഷ്യമനസ്സുകൾക്ക് ഹരം പകരുന്ന വിധം ദൈവം ഈ ഭൂമിയെ ഒരുക്കിയിട്ടുണ്ടെങ്കിലും മനുഷ്യർ അതു കാണുന്നില്ല. അതൊക്കെ കവികൾക്കും എഴുത്തുകാർക്കും വിട്ടുകൊടുത്ത് ഭൗതിക നേട്ടങ്ങൾക്ക് പുറകെ മനുഷ്യരാശി പ്രയാണം ചെയ്യുകയാണ്. ഒരു ഇംഗ്ലീഷ് ഗാനത്തിന്റെ ഏകദേശ പരിഭാഷ ഇങ്ങനെ: ഒരു കിളിയുടെ പാട്ടു കേൾക്കുമ്പോഴൊക്കെ, നീല നീലമായ ആകാശം കാണുമ്പോഴൊക്കെ, മഴത്തുള്ളികൾ മുഖത്ത് തട്ടി ചിതറുമ്പോഴൊക്കെ, ഒരു കാറ്റു തഴുകി കടന്നു പോകുമ്പോഴൊക്കെ, ഒരു പനിനീർപുഷ്പത്തിന്റെ ഇതൾ തൊടുമ്പോഴൊക്കെ, ലില്ലിയാക്ക് മരത്തിനു സമീപം നടക്കുമ്പോഴൊക്കെ, എനിക്ക് സന്തോഷമാണു; ഞാൻ ഈ മനോഹര ഭൂമിയിൽ ജീവിക്കുന്നു, സ്വർഗ്ഗത്തിലെ പിതാവ് എനിക്കായ് സ്രുഷ്ടിച്ചതാണീ ഈ ലോകം. ചിത്രശലഭങ്ങളുടെ വർണ്ണപ്പകിട്ട് കാണാൻ അവൻ എനിക്ക് കണ്ണുകൾ തന്നിരിക്കുന്നു. എല്ലാറ്റിന്റേയും മാന്ത്രിക സ്വരം കേൾക്കാൻ അവൻ എനിക്ക് കാതുകൾ തന്നിരിക്കുന്നു. അവൻ എനിക്ക് ജീവിതം തന്നു, മനസ്സും, ഹ്രുദയവും തന്നു. ഞാൻ അവനോട് ആദര പൂർവം നന്ദി പറയുന്നു. കാരണം ഞാൻ അവന്റെ സ്രുഷ്ടിയുടെ ഒരു ഭാഗമാണ്.

കാലപ്രവാഹമേ ഒരു നിമിഷം നിൽക്കൂ! എന്നു വിളിച്ച് പറയാൻ, കുറച്ച് കാലം കൂടി ഈ ഭൂമിയുടെ മനോഹാരിത നുകരാൻ നമ്മളിൽ ചിലർക്കെങ്കിലും ആഗ്രഹമുണ്ടാകും. മലയാളത്തിന്റെ പ്രിയ കവി വയലാർ" ഈ മനോഹര തീരത്ത് തരുമൊ ഇനിയൊരു ജന്മം കൂടി" എന്നു പാടുമ്പോൾ ഒരു പുനർജന്മത്തേക്കാൾ ഇവിടെ കുറേനാൾ കൂടി വർഷങ്ങൾ അനുവദിച്ച് തരുവെന്നു നമുക്ക് പാടാം. ഇംഗ്ലീഷ് കവി ആൾഫ്രെഡ് ടെന്നിസന്റെ റോബിൻ ഹുഡിനെ ആസ്പദമാക്കിയുള്ള വനപാലകർ എന്ന നാടകത്തിന്റെ മൂന്നാമത്തെ രംഗത്തിൽ റോബിൻ ഇങ്ങനെ പറയുന്നുണ്ട്. ജീവിതം ആനന്ദകരമായ ഒരു സംഭവമാണെങ്കിൽ നാമെന്തിനു ജന്മദിനങ്ങൾ ആഘോഷിക്കണം. ഓരോ ജന്മദിനത്തിലും നമ്മുടെ സന്തോഷത്തിന്റെ ഒരു വർഷം കടന്നു പോകയല്ലേ. പിന്നെ പറയുന്ന വരികൾ വളരെ പ്രസിദ്ധമാണ്. എന്നാൽ കാലത്തിന്റെ ഉമ്മറപ്പടിയിൽ ഇരുന്ന് പ്രതീക്ഷ മന്ത്രിക്കുന്നു; വരാൻ പോകുന്ന വർഷം കൂടുതൽ സന്തോഷമുള്ളതായിരിക്കും. ഭാവി നമുക്ക് അപരിചിതമെങ്കിലും പ്രതീക്ഷ നൽകുന്ന ഉറപ്പിൽ നമ്മൾ ഭാവിയെ സ്വാഗതം ചെയ്യുന്നു. വാസ്തവത്തിൽ പുതുവർഷാരംഭത്തിൽ എല്ലാവരും പ്രതീക്ഷഭരിതരാണ്. ഒരു വർഷം കഴിഞ്ഞ് പോയതിൽ അവർ ദുഃഖിക്കുന്നില്ല. വരാൻ പോകുന്ന വർഷം മനോഹരമാകുമെന്ന സുപ്രതീക്ഷയാണ് അവർക്കുള്ളത്..

കീറ്റ്സിന്റെ കവിത പോലെ, കേട്ട പാട്ടുകൾ മധുരമുള്ളത്, കേൾക്കാത്തത് അതിനേക്കാൾ മാധുര്യമേറിയത്. നമ്മൾ കടന്നു വന്ന വർഷം പലർക്കും പലവിധമായിരുന്നു എങ്കിലും എല്ലാവരും ആകാംക്ഷയോടെ പുതുവർഷത്തെ കാത്തിരിക്കുന്നു. പുതുവർഷത്തെക്കുറിച്ചുള്ള സങ്കൽപ്പങ്ങളിലും വ്യത്യാസങ്ങൾ ഉണ്ടു. ഒരു സുന്ദരിയും, ഒരു കുംഭം നിറയെ വീഞ്ഞും, ഒരു അപ്പകഷ്ണവും വന്യതെയ സ്വർഗ്ഗമാക്കുമെന്നു ഒമർ ഖയ്യാം പറഞ്ഞത് എല്ലാവർക്കും സ്വീകാര്യമല്ല. പെണ്ണിന്റെ കാര്യം വരുമ്പോൾ ഷണ്ഡന്മാർ കൂട്ടത്തോടെ അതിനെ എതിർക്കും. എന്നാൽ വളയിട്ട കൈകൾ നീട്ടുന്ന പാനപ്പാത്രത്തിലെ മുന്തിരിനീരു് ഒറ്റവലിക്ക് കുടിച്ച് തീർക്കാൻ മോഹിക്കുന്നു ചിലർ. വികാരജീവികളായ എഴുത്തുകാർ മാത്രം അത് ഓർത്തും, ആവർത്തിച്ചും നടക്കുന്നു. നിലാവിൽ സൂര്യകാന്തി പൂക്കൾ മയങ്ങികിടക്കുമ്പോൾ, നിശാഗന്ധി അതിന്റെ മാദകസൗരഭ്യം പരത്തി വിലാസവതിയാകുമ്പോൾ, കവികളും എഴുത്തുകാരും ആകർഷിതരാകുന്നു. എന്നാൽ സുരപാനം ചെയ്ത് സമനില തെറ്റിയവൻ അതൊന്നും കാണുന്നില്ല. മുമ്പ് പറഞ്ഞവരുടെ കരളുകൾ ആനന്ദിക്കുമ്പോൾ രണ്ടാമത് പറഞ്ഞവരുടെ കരൾ കാലപുരിക്ക് പോകാൻ തയ്യാറാകുന്നു. ജീവിതം എങ്ങനെ ആഘോഷിക്കണമെന്ന് ഓരൊരുത്തരും തീരുമാനിക്കുന്നു. മഹാന്മാർ പറഞ്ഞതൊക്കെ അക്ഷരം പ്രതി വിശ്വസിക്കുന്നതും അതിനായി കലഹിക്കുന്നതും വ്യർത്ഥമത്രെ. അസാദ്ധ്യമെന്ന പദം വിഢ്ഢികളുടെ നിഘണ്ടുവിലേ കാണുകയുള്ളുവെന്നു പറഞ്ഞ നെപ്പോളിയൻ ബ്രിട്ടിഷ്കാരുടെ തടവുകാരനായി കിടന്നു മരിച്ചു.

പുതുവത്സരത്തെയാണു എതിരേൽക്കേണ്ടത് അല്ലാതെ അത് ആരംഭിക്കുന്ന ദിവസം മാത്രം പരസ്പരം ആശംസിച്ചും, ആശ്ലേഷിച്ചും, നേരമ്പോക്കുകൾ കൈമാറിയും, ലഹരി

നുണഞ്ഞും സമയം ചിലവഴിച്ചിട്ട് എന്തു കാര്യം. വരാൻ പോകുന്ന മുന്നൂറ്റിഅറുപത്തിയഞ്ചേകാൽ ദിവസങ്ങൾ അടിച്ച്പൊളിക്കാൻ തയ്യാറാകണം.ഓരോ നിമിഷവും നഷ്ടപ്പെടുത്താതെ ആസ്വദിക്കുക. നഷ്ടപ്പെടുത്തുന്ന നിമിഷങ്ങൾ തിരിച്ച് കിട്ടുന്നില്ല. ഇംഗ്ലീഷിൽ Carpe Diem എന്ന വാക്കിൻെറ അർത്ഥം നാളെയെക്കുറിച്ച് വേവലാതിപ്പെടാതെ ഇന്നു ജീവിക്കുകയെന്നാണു. അതുകൊണ്ട് ഇപ്പോൾ നമുക്ക് ലഭിച്ചിരിക്കുന്ന നിമിഷം പാഴാക്കാതെ അതിനെ ആസ്വദിക്കുക. കാരണം ജീവിതം ക്ഷണികമാണ്. കാമുകിമാർ ഒഴികെ ആരും കാത്ത് നിൽക്കുന്നില്ല. യുവത്വം മങ്ങിപോകും, പൂക്കൾ കൊഴിഞ്ഞ്പോകും എല്ലാം ക്ഷണനേരത്തേക്ക് മിന്നി തിളങ്ങി നിത്യമായ വിസ്മ്രുതിയിലേക്ക് ആണ്ടുപോകുന്നു. ഹെഡോണിസവും, എപ്പ്പിക്യൂരിയനിസവും കാർപ്പെ ഡൈമുമായി പലരും ബന്ധപ്പെടുത്തുന്നുണ്ട്. പക്ഷെ അതു മൂന്നും വ്യത്യസ്ഥമായ സിദ്ധാന്തങ്ങളാണെന്ന് മൂന്നു വിഷയത്തെക്കുറിച്ച് മനസ്സിലാക്കുമ്പോൾ ബോദ്ധ്യമാകും.

ബൈബിളിൽ (മത്തായി 6:33) ഇങ്ങനെ പറയുന്നു. "അതുകൊണ്ട് നാളെക്കായി വിചാരപ്പെടരുതു, നാളത്തെ ദിവസം തനിക്കായി വിചാരപ്പെടുമല്ലോ; അതതു ദിവസത്തിന്നു അന്നന്നത്തെ ദോഷം മതി.". ഈ നിമിഷം നമ്മളുടേതാണു. അതിനെ ഫലവത്തായി ഉപയോഗിക്കുക. അപ്പോൾ ഇന്നും നാളേയും നഷ്ടപ്പെടുന്നില്ല. ഇന്നാണു നിങ്ങൾ നാളെയെന്നു പറഞ്ഞ് ഇന്നലെ വേവലാതി പൂണ്ട ദിവസം എന്നു ഒരു മഹാൻ പറഞ്ഞിട്ടുണ്ട്. പുതുവർഷം എന്ന പുതിയ പാഠപുസ്തകം ഇതാ എത്തി. അതിലെ ഓരോ പുറങ്ങൾ ഒന്നൊന്നായി മറച്ച്കൊണ്ട് മുന്നോട്ട് നീങ്ങാം. എല്ലാവർക്കും ഐശ്വര്യസമ്രുദ്ധ മായ നവവത്സരാശംസകൾ നേരുന്നു.

നാമോരോന്നു നിനച്ചിരിയ്ക്കെ വെറുതേ നീങ്ങുന്നു നാളീവിധം
നാൾതോറും വിടരുന്നു മോഹകുസുമം വീണ്ടും നിലാവെന്നപോൽ
നാളേ നന്മ വിതയ്ക്കുവാൻ സുനിയതം നിങ്ങൾക്ക് സാധിയ്ക്കുവാ-
നാമോദം നവവത്സരപ്പുലരിയിൽ നേരുന്നിതാശംശകൾ !!
(പി.സി.സി.രാജ, മാങ്കാവ്)

## അനുബന്ധം

*അമേരിക്കൻ മലയാളി എഴുത്തുകാർക്ക് എടുക്കാവുന്ന ചില പുതുവത്സര തീരുമാനങ്ങൾ. (വെറുതെ ചിരിക്കാനും ആനന്ദിക്കാനും വേണ്ടി മാത്രം തയ്യാറാക്കിയത്. പുതുവർഷത്തെ ചിരിച്ച് കൊണ്ട് എതിരേൽക്കുക) കഴിഞ്ഞ വർഷത്തെ സന്ദേശത്തിൻെറ കൂടെ കൊടുത്തതാണു. വായിക്കാത്തവർക്ക് വായിക്കാം വായിച്ചവർക്ക് വീണ്ടും വായിക്കാം. ചിരി ആരോഗ്യത്തിനുള്ള നല്ല*

*ഔഷധമാണത്രെ. ചിരിച്ചും കരഞ്ഞും തലമുറകൾ ചവിട്ടിക്കുഴച്ചിട്ട വീഥികളിലൂടെ പുതിയ വർഷത്തിലേക്ക് കാലെടുത്തു വയ്ക്കുമ്പോൾ മുന്നോട്ടുള്ള പ്രയാണത്തിനു ആരോഗ്യം സഹായകമാകും.*

- ധാരാളം വായിക്കണം, അത് അവനവൻ എഴുതിയതായാൽ ഉത്തമം.
- വായിക്കാൻ ആളില്ലെങ്കിലും എഴുതികൊണ്ടേയിരിക്കണം.
- അവാർഡുകൾ കിട്ടിയിട്ടുണ്ടെങ്കിൽ, കിട്ടാൻ അർഹതയുണ്ടെങ്കിൽ പുറത്ത് പറയാതിരിക്കണം. കാരണം അത് കാശ് കൊടുത്ത് വാങ്ങിയതാണന്നേ ജനം പറയൂ. പ്രത്യേകിച്ച് സമ്പന്നനായ അമേരിക്കൻ മലയാളി എഴുത്തുകാരന്റേതാകുമ്പോൾ.
- അക്ബർ കക്കട്ടിൽ പറഞ്ഞപോലെ എഴുതാൻ ശ്രമിക്കണം.
- യൗവ്വനകാലത്തെ പടങ്ങൾ രചനക്കൊപ്പം കൊടുക്കണം.
- എഴുതുന്നത് എല്ലാ പ്രസിദ്ധീകരണങ്ങൾക്കും അയക്കണം
- സ്വയം എഴുതാൻ അറിയില്ലെങ്കിൽ ആരെങ്കിലും എഴുതുന്നത് നോക്കി ആ ശൈലിയിൽ എഴുതണം. ഇത് കൊണ്ട് ഒരു ഗുണമുള്ളത് മൗലികമായി എഴുതുന്ന (കോപ്പി അടിക്കപ്പെടുന്ന) ഒരാളുടെ വഴി മുടക്കാമെന്നാണ്. അനുകരിക്കാൻ ഏറ്റവും എളുപ്പമായി നിരൂപണത്തെ കാണണം. അതിനു വായനകാരില്ലാത്തത്കൊണ്ട് പിടിക്കപ്പെടില്ലെന്ന ഉറപ്പിൽ വിശ്വസിക്കണം.
- കഴിയുന്നതും വായനകാർക്ക് മനസ്സിലാകാത്തത് എഴുതണം. മനസ്സിലാകാത്തതൊക്കെ മഹത്വരമാണെന്ന് പാമരന്മാർ കരുതുന്നു.
- അവാർഡുകളല്ലാതെ പ്രതിഫലമായി പണം ഒരിക്കലും പ്രതീക്ഷിക്കാത്ത എഴുത്തുകാർ എന്ന് ചരിത്രം രേഖപ്പെടുത്തുന്ന എഴുത്തുകാരായി ഇഹലോകവാസം വെടിയണം.
- വിദ്യാധരൻ ആരാണെന്ന് അന്വേഷിച്ച് സമയം കളയാതെ അദ്ദേഹം എഴുതുന്നത് എന്താണെന്ന് ശ്രദ്ധിക്കണം.
- ഏതെങ്കിലും എഴുത്തുകാരൻ ഒരു പുതിയ ശൈലിയോ, രചനയോ നടത്തിയാൽ അത് ഞങ്ങൾക്കും സാധിക്കുമെന്ന് പറഞ്ഞ് അതേ പോലെ ഉടനെ എഴുതണം. അങ്ങനെ അനുകരണം നടത്തി അമേരിക്കൻ മലയാളസാഹിത്യത്തിന്റെ മൂല്യം കുറയ്ക്കണം.,
- ഒരാളുടെ രചന നന്നായാൽ അയാളെ അഭിനന്ദിക്കുന്നതിനു പകരം അത് കാശ് കൊടുത്ത് എഴുതിച്ചതാണെന്ന് പറഞ്ഞ് ആത്മനിർവൃതിയടയണം.
- എഴുത്തുകാരി സുന്ദരിയും ചെറുപ്പക്കാരിയും (ചെറുപ്പം പടത്തിൽ കണ്ടാൽ മതി, വയസ്സ് എത്ര തന്നെയായികൊള്ളട്ടെ) ആണെങ്കിൽ അവരുടെ രചന നന്നായാലും മോശമായാലും മൂരിക്കുട്ടന്മാരെപോലെ മുക്രയിട്ട് ഓടി ചെല്ലണം.
- ആരുടേയും കാൽ വന്ദിക്കാതെ സ്വന്തം വ്യക്തിത്വം രചനകളിലും ജീവിതത്തിലും പുലർത്തുന്നുവരെ പരദൂഷണം പറഞ്ഞ് ഒതുക്കാൻ ശ്രമിക്കണം. അതിനുപറ്റിയ

ഒരു പരദൂഷണവീരനെ അന്വേഷിച്ച് കണ്ടെത്തി അയാളെ പൂജിച്ച്കൊണ്ടിരിക്കണം.

- മതപരമായോ, വ്യക്തിപരമായോ കാരണങ്ങളാൽ കുറേപേർ ഇഷ്ടപ്പെടുന്നു എന്ന യോഗ്യത കണക്കിലെടുത്ത് ആരെയെങ്കിലും സർവ്വജ്ഞപീഠത്തിൽ കയറ്റിയിരുത്തി അവർ പറയുന്നത്, പ്രത്യേകിച്ച് സാഹിത്യപരമായ കാര്യങ്ങൾ, വേദവാക്യമായി കരുതി അവരെ പൂജിക്കണം.
- നാട്ടിലെ പ്രസിദ്ധീകരണങ്ങൾക്ക് രചനകൾ അയച്ച് കൊടുക്കണം.
- എല്ലാ എഴുത്തുകാരും ഒരു കുടക്കീഴിൽ നിന്നാൽ നനഞ്ഞ് പോകുമെന്നും അതിനേക്കാൾ നല്ലത് എഴുത്തുകാർക്കൊക്കെ കൂടി ഒരു കുട കമ്പനി തുടങ്ങുകയാണെന്നും അഭിപ്രായം പറയണം. കുടകൾ നന്നാക്കാൻ കാരൂർ നീലകണ്ഠപിള്ളയെ ഓർക്കുന്നത് പഴയ മലയാള ക്രുതികൾ പുതിയ തലമുറക്ക് പരിചയപ്പെടുത്താൻ ഉപകരിക്കുമെന്നും അറിയിക്കാൻ ഒരു സമ്മേളനം സംഘടിപ്പിക്കുന്നതിനെക്കുറിച്ച് ചിന്തിക്കണം.ഒരു കുടയും കുഞ്ഞുപെങ്ങളുമായി എഴുത്തുകാർ പോകുന്നത് സങ്കൽപ്പിക്കണം. ഒന്നിൽ കൂടുതൽ പെങ്ങൾമാർ ഉള്ളവർ ഒപ്പോളും, കുട്ട്യേടത്തിയും ഒക്കെയുള്ള നാലുകെട്ടും, പണിതീരാത്ത വീടും, മയിലാടുംകുന്നും, ഏണിപ്പടികളും, മഞ്ഞും, വേരുകളും, അയൽക്കാരും, അന്വേഷിച്ച് കണ്ടെത്താൻ പോകണം.
- ഇവിടെ എഴുത്തുകാർ ഇല്ലെന്നും, അങ്ങനെ അറിയപ്പെടുന്നവർ എഴുതുന്നതൊന്നും സാഹിത്യമേന്മയില്ലാത്തതാണെന്നും വേദികളിൽ പ്രസംഗിച്ചും, പത്രങ്ങളിൽ എഴുതിയും സ്വയം വലിയവനാണെന്ന ബോധം ആളുകളിൽ ഉണ്ടാക്കണം. പിന്നീട് മൂന്നാംകിട സാഹിത്യരചനകൾ നടത്തി വിവരമില്ലാത്തവരുടെ കയ്യടി നേടണം.
- മറ്റ് എഴുത്തുകാരുമായി പരമാവുധി സ്പർദ്ധ പുലർത്തണം. എന്നാൽ കാണുമ്പോഴും, കേൾക്കുമ്പോഴും അവരെ സ്നേഹം കൊണ്ട് പൊതിയണം. സ്പർദ്ധ മനസ്സ് കവിഞ്ഞ് പുറത്ത് ചാടുമ്പോൾ അവരെ കൊല്ലുമെന്ന് ഭീഷണി മുഴക്കണം.

**ശുഭം**